കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി
പന്നി ഉത്പാദന ഗവേഷണ കേന്ദ്രം
മണ്ണുത്തി തൃശ്ശൂർ, 680 651
ഫോൺ: 91 4872967800 മൊ: 09446337800 ഇമെയിൽ: cpb@kvasu.ac.in

സി.പി.പി.ആർ/ബി/3264/2024 തീയതി: 15.06.2026

## പുനർ ലേലം നോട്ടീസ്

മണ്ണുത്തി പന്നി ഉല്പാദന ഗവേഷണ കേന്ദ്രത്തിൽ വിവിധ സ്ഥലങ്ങളിലായി ശക്തമായ കാറ്റിലും മഴയിലും പെട്ട് ഒടിഞ്ഞ് വീണതും അപകടകരമായി നിന്നതിനെ തുടർന്ന് മുറിച്ചു മാറ്റിയതുമായ മരത്തടികൾ പരിചയ സമ്പന്നരായ കരാറുകാർക്ക് പൊതുലേലം വഴി വിൽപ്പന നടത്തുന്നു. കൂടാതെ മത്സരാധിഷ്ഠിത വിൽപ്പനയ്ക്കായി മുദ്രവച്ച ടെണ്ടറുകളും ക്ഷണിക്കുന്നു.

ലോട്ട് -II- മരത്തടികൾ

| ക്രമ.നം | മരത്തിന്റെ പേര് | നമ്പർ |
|---|---|---|
| 1 | പാഴ്മരങ്ങൾ | – |
| 2 | പ്ലാവ് | 27 |
| 3 | പ്ലാവ് | 33 |
| 4 | പ്ലാവ് | 30 |
| 5 | പ്ലാവ് | 108 |

ടെൻഡർ സ്വീകരിക്കുന്ന അവസാന തീയ്യതി **30.06.2026 പകൽ 11.00** മണി വരെയായിരിക്കും. അന്നേ ദിവസം പകൽ 11.30 ന് അപ്പോൾ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ സർവ്വകലാശാല നിശ്ചയിക്കുന്ന നിരക്കിൽ നിന്നും പരസ്യ ലേലം ആരംഭിക്കുന്നതാണ്. ലേലത്തിന് ശേഷം ടെൻഡർ തുറന്ന് പരിശോധിക്കുന്നതും, ലേലത്തിനോ, ടെൻഡറിലോ ഏതിലാണ് കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് ആ തുകയ്ക്ക് സർവ്വകലാശാലയ്ക്ക് തൃപ്തികരം എങ്കിൽ മരത്തടികളുടെ ലേലം/ടെൻഡർ ഉറപ്പിക്കുന്നതുമാണ്. ഇക്കാര്യത്തിൽ ഓഫീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

"മരത്തടികളുടെ ടെണ്ടർ" എന്ന് മുദ്രണം ചെയ്ത" കവറിന് പുറത്ത് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ തുക അക്കത്തിലും അക്ഷരത്തിലും എഴുതേണ്ടതാണ്. ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ 2500/- രൂപയുടെ നിരതദ്രവ്യം പ്രൊഫസർ & ഹെഡ്, സി.പി.പി.ആർ, മണ്ണുത്തി എന്ന വിലാസത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒല്ലൂക്കര ബ്രാഞ്ചിൽ മാറാവുന്ന തരത്തിൽ ഡി.ഡി ആയോ, പണം ആയോ അടയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖ കൊണ്ടുവരേണ്ടതാണ്.

കരാർ ഉറപ്പിക്കുന്ന വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റായി 5000/- രൂപ അടക്കേണ്ടതാണ്. ലേലം ലഭിക്കുന്ന വ്യക്തി അന്നുതന്നെ മുഴുവൻ തുകയും അടച്ച് 7 ദിവസത്തിനുള്ളിൽ ഉത്തരവാദിത്വപ്പെട്ടവരുടെ സാന്നിദ്ധ്യത്തിലും സമ്മതത്തിലും മരത്തടികൾ പ്രവൃത്തി ദിവസത്തിൽ തന്നെ ക്യാമ്പസിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതല്ല.

200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാറെഴുതി സമർപ്പിച്ചതിനു ശേഷമേ മരം ക്യാമ്പസ്സിൽ നിന്നും നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളു. ലേലം/ടെൻഡർ ലഭിക്കുന്നവർ മൊത്തം വിൽപ്പന തുക കൂടാതെ നിശ്ചിത നിരക്കിലുള്ള വന വികസന നികുതി, ജി.എസ്.ടി എന്നിവ അടക്കാൻ ബാധ്യസ്ഥരാണ്. നിശ്ചിത ദിവസത്തിനകം മുഴുവൻ തുകയും അടയ്ക്കാത്തവരുടെ നിരതദ്രവ്യം സർവ്വകലാശാല ഫണ്ടിലേക്ക് മുതൽകൂട്ടുന്നതാണ്. ടെൻഡർ സ്വീകരിക്കുവാനും നിരാകരിക്കുവാനുമുള്ള അവകാശം ഫാം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

മറ്റ് സർക്കാർ ടെൻഡറുകൾക്ക് ബാധകമായ വ്യവസ്ഥകൾ ഈ ടെൻഡറിനും ബാധകമാണ്. നിയമാനുസൃതമായി പിടിക്കേണ്ട 2.5% ആദായ നികുതിയും ലേലതുകയിൽ നിന്നും ഈടാക്കുന്നതാണ്. ഇതിനായി പാൻ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ലേലത്തുകയുടെ 5% ആദായ നികുതി ഈടാക്കുന്നതാണ്.

Centre for Pig Production and Research
Kerala Veterinary and Animal Sciences University
MANNUTHY - 680 651

പ്രൊഫസർ & ഹെഡ്

സ്വീകർത്താവ് : നോട്ടീസ് ബോർഡുകൾ /website

പകർപ്പ് : വില്ലേജ് ഓഫീസ്, ഒല്ലൂക്കര/തൃശ്ശൂർ കോർപ്പറേഷൻ സോണൽ ഓഫീസ്, ഒല്ലൂക്കര, എസ്.എഫ്.എസ്/എഫ്.എസ്/ഫയൽ/മിച്ചം.